FUEL TRANSPORT FROM PERINGALKUTHU TO CHALAKKUDY—DETAILS REGARDING

99. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിൽ വെട്ടിശേഖരിച്ചു വെച്ചിരിക്കുന്ന വിറകു ചാലക്കുടിയിലേക്കു കൊണ്ടുപോരുന്നുണ്ടോ ?

(ബി) കൊണ്ടുപോരുന്നുണ്ടെങ്കിൽ ഒരു ടൺ വിറകിനു് എത്ര ചിലവുവരുന്നു;

(സി) ആകെ എത്ര ടൺ വിറകാണു വെട്ടിശേഖരിച്ചിരിക്കുന്നതു്;

(ഡി) എത്ര ടൺ വിറകു് ക ക-ാം തീയതി വരെ കൊണ്ടുപോന്നു;

(ഇ) വിറകു കൊണ്ടുപോരുന്നതു് കരാറു പ്രകാരമാണോ;

(എഫ്) കരാറു പ്രകാരമാണെങ്കിൽ ആരാണു കരാറുകാരൻ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ :

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) വ ന. ൭ ടൺ.

(ഡി), (ഇ), (എഫ്) ഉത്തരം ആവശ്യമില്ല.

DISCIPLINARY ACTION ON GOVERNMENT SERVANTS—PARTICULARS REGARDING

100. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തശ്ശൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടിപറയുമോ.—

(എ) ക ക കവ മുതൽഓരോ വർഷവും എത്ര ഉദ്യോഗസ്ഥന്മാരുടെ മേലാണു് ഗവണ്മെണ്ടു് ശിക്ഷണനടപടികൾ എടുത്തിട്ടുള്ളതു്; അവർ ആരെല്ലാം;

(ബി) ഓരോ ഡിപ്പാർട്ടുമെണ്ടിലും ഇത്തരം നടപടികൾക്കു വിധേയരായവരുടെ എണ്ണം എത്ര

(സി) ഡിപ്പാർട്ടുമെണ്ടു് മുഖേന എതെല്ലാം ശിക്ഷകളാണു്, ആക്കെല്ലാമാണു്, ഈ കാലത്തിനിടക്കു നൽകിയിട്ടുള്ളതു്?

റാവുസാഹിബ്ബു് എ. മാധവപ്രഭു :

(എ, ബി & സി) ആരുടെയെല്ലാം മേൽ ശിക്ഷാനടപടി എടുത്തിട്ടുണ്ടു് എന്നുള്ളതിനു ഒരു ലിസ്റ്റു് തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന സമയച്ചിലവും ബുദ്ധിമുട്ടും അനുകൊണ്ടുണ്ടാകാവുന്ന പൊതുജനനന്മക്കു് അനുയോജ്യമായിരിക്കുകയില്ലാത്തതിനാൽ ഉത്തരം തരുവാൻ സാധ്യമല്ല.

DISTRIBUTION OF WORK OF FOOD MINISTER DURING HIS TOURS OUTSIDE

101. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) രാജ്യത്തിനു പുറത്തുള്ള വിദേശവിദ്യാഭ്യാസമന്ത്രിയുടെ ഔദ്യോഗികാനൌദ്യോഗികങ്ങളായ ഭീഘ്രയാത്രകൾക്കുനിമിത്തം അദ്ദേഹത്തിന്റെ ഭരണത്തിലിരിക്കുന്ന വകുപ്പുകൾ മറ്റു മന്ത്രിമാരുടെ ഭരണത്തിനായി എത്രപ്രാവശ്യം വിഭജിച്ചു കൊടുക്കേണ്ടിവന്നിട്ടുണ്ടു്;

(ബി) പ്രസ്തുത വകുപ്പുകൾ വിഭജിച്ചു കൊടുക്കപ്പെട്ട ഓരോ തവണയും എത്രകാലമാണു് അവ മറ്റു മന്ത്രിമാരുടെ ഭരണത്തിലിരുന്നിട്ടുള്ളതു്;

(സി) ഈ വകുപ്പുകൾ മറ്റു മന്ത്രിമാരുടെ ഭരണത്തിലിരുന്നിരുന്ന കാലങ്ങളിൽ വിദേശവിദ്യാഭ്യാസമന്ത്രിയുടെ ഗുമസ്തന്മാർ, ശിപായികൾ, ഡ്രൈവർ എന്നു തുടങ്ങിയവക്കു ജോലി എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ക ന ര ൭ ജൂലൈ ക ൪-ാം തീയതി വരെ ആകെ ആറുപ്രാവശ്യം.

(ബി) ക ൪— ക ക— ര ന്നു മുതൽ ക ക— ക ക— ര ന്നു വരെ

ക ര— ക— ര ൭ മുതൽ വ— ന— ര ൭ വരെ

ക ന്നു— ര— ര ൭ മുതൽ ക ര— ൪— ര ൭ വരെ

ന— ന്നു— ര ൭ മുതൽ ക ര— ന്നു— ര ൭ വരെ

LIBRARY ARCHIVES Kerala Legislative Assembly

൨൭—൩—൫൭ മുതൽ ൪—൭—൫൭ വരെ
൧൧—൭—൫൭ മുതൽ ൨൪—൭—൫൭ വരെ

(സി) മന്ത്രിയുടെ ക്യാമ്പിൽനിന്നും അടിയന്തിരമായി വല്ല കമ്പികളൊ മറ്റൊ കിട്ടിയാൽ ഉടൻ വേണ്ടതു ചെയ്യേണ്ടതിലേക്കായി മന്ത്രിയുടെ ഗുമസ്തന്മാരും, ശിപായികളും, മന്ത്രിയുടെ പേഴ്സനൽ സ്റ്റാഫ് ആപ്പീസ്സിൽ ജോലി നോക്കിയിട്ടുണ്ട്. ഗവമ്മെണ്ടുകാര്യമായി പോകുന്ന അവസരങ്ങളിൽ ക്യാമ്പ്ക്ലാർക്കും ശിപായിയും മന്ത്രിയെ അനുഗമിക്കാറുണ്ട്.

ERNAKULAM-VYPEEN BRIDGE—PARTICULARS REGARDING

102. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എറണാകുളവും വൈപ്പിൻകരയും തമ്മിൽ ബന്ധിക്കുവാനുള്ള പാലങ്ങളുടെ പണി എത്രത്തോളമായി;

(ബി) സ്കീം തയ്യാറാക്കി അകപിസിഷൻ തുടങ്ങിയോ;

(സി) ഇല്ലെങ്കിൽ എന്നു തുടങ്ങും?

റാവു സാഹിബ് കെ. അയ്യപ്പൻ:

(എ), (ബി) & (സി) ഈ സ്കീമിനെപ്പറ്റിയുള്ള അന്വേഷണം (investigation) തുടങ്ങിയിട്ടുണ്ട്. ൧൯൫൨ ചിങ്ങത്തിൽ അതു കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതു. അതിനു ശേഷം വേണം അകപിസിഷൻ മുതലായവയെപ്പറ്റി തീരുമാനിക്കുവാൻ.

STIPEND TO THE TEACHERS STUDYING IN THE GOVERNMENT TRAINING INSTITUTE

104. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടു് ട്രെയിനിംഗ് ഇൻസ്റ്റിട്ടൂഷനിൽ പഠിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻറ നൽകുന്നതിനു സമുദായ പ്രാതിനിദ്ധ്യമൊ സമ്പ്രദായമൊ മാനദണ്ഡമായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ സമുദായത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് ൧൯൫൧—൧൯൫൨ എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ സ്റ്റൈപ്പൻറ നൽകിയതു;

(സി) അവരിൽ ഓരോരുത്തരുടേയും സമ്പ്രദായത്തു;

(ഡി) അവരിൽ ഏറ്റവും കുറഞ്ഞ സമ്പ്രദായക്കാരനിലും കൂടുതൽ സമ്പ്രദായമുള്ളവർ സ്റ്റൈപ്പൻറ ലഭിക്കാത്തവരിൽ ഉണ്ടായിരുന്നോ;

(ഇ) ഉണ്ടെങ്കിൽ എത്ര പേർ;

(എഫ്) സ്റ്റൈപ്പൻറ് അനുവദിക്കുന്നതു് ആരാണു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ട്രെയിനിംഗിനു സ്റ്റൈപ്പൻറ കൊടുക്കുവാനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സമുദായ പ്രാതിനിദ്ധ്യം കണക്കാക്കാറില്ല. സർക്കാർ അദ്ധ്യാപകന്മാർക്കു സമ്പ്രദായം, പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാർക്കു് അവരുടെ സ്കൂളിലെ ട്രെയിനിംഗ് കഴിഞ്ഞതും കഴിയാത്തവരുമായ അദ്ധ്യാപകന്മാരുടെ എണ്ണത്തേയും സമ്പ്രദായക്കൂടി കണക്കാക്കിയാണു് സ്റ്റൈപ്പൻറ കൂടി തിരഞ്ഞെടുക്കുന്നതു.

(ബി) സരസചതുർബ്രാഹ്മണൻ.

ക്രിസ്ത്യാനി	൫	....	....
തിയ്യൻ	൨൫	....	൨൫
നായർ	൩൩	....	൫൫
പിള്ള	൫൦	....	൫൩
അമ്പലവാസി	൨	....	....
ക്ഷത്രിയ	൩	....	൫
വിലക്കത്തലവൻ	൫	....	൫
മുസ്ലീം	....	....	൫
എഴത്തച്ഛൻ	....	....	൫
ബ്രാഹ്മണൻ	....	....	൫
	....	....	൨
ആകെ	൪൫	....	൫൫

LIBRARY ARCHIVES Kerala Legislative Assembly